LIBRARY ARCHIVES Kerala Legislative Assembly

മച്ചാട് വനം മേഖലയിലെ തേക്കുതടി കുംഭകോണം

91 [642] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ മച്ചാട് വനം മേഖലയിൽ നടന്ന തേക്കുതടി കുംഭകോണത്തിൽ വനം വകുപ്പിന് എന്ത് തുകയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ എന്ത് അന്വേഷണമാണ് സർക്കാർ നടത്തിയിട്ടുള്ളത് ;

(സി) കുറ്റവാളികളായ ഉദ്യോഗസ്ഥരുടെ പേരിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) തേക്കുതടി ഡിപ്പോയിലെത്തിക്കാതെ മറിച്ചുവിറ്റ പ്രതികളെ മുഴുവൻ അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രാഥമിക അന്വേഷണ റിപ്പോർട്ട് പ്രകാരം ഏകദേശം 40 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(ബി) വനം വകുപ്പിന്റെ വിജിലൻസ് വിഭാഗമാണ് ഇക്കാര്യത്തിൽ പ്രാരംഭ അന്വേഷണം നടത്തിയത്. പിന്നീടുണ്ടായ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന വിജിലൻസ് പോലീസിനെ അന്വേഷണം നടത്താൻ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

(സി) കുറ്റാരോപിതരായ 12 വനം വകുപ്പുദ്യോഗസ്ഥരിൽ 11 പേരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ഡി) ഈ കേസ്സുമായി ബന്ധപ്പെട്ട 13 പ്രതികളിൽ 2 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അഞ്ചുപേർ കീഴടങ്ങി. ബാക്കി 6 പേരെ അറസ്റ്റ് ചെയ്യാൻ അന്വേഷണം നടന്നുവരുന്നു.

പാട്ടത്തിന് നൽകിയ വനഭൂമി

92 [643] ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനഭൂമി പാട്ടത്തിന് നൽകിയത് സംബന്ധിച്ച എത്ര പാട്ടക്കരാറുകൾ പുതുക്കുകയുണ്ടായി ; വിശദാംശം വെളിപ്പെടുത്താമോ ;

(ബി) ഏതെല്ലാം പാട്ടക്കരാറുകളുടെ കാലാവധി ഈ കാലയളവിൽ അവസാനിക്കുകയുണ്ടായി ; പാട്ടക്കരാറിന്റെ കാലാവധി കഴിഞ്ഞ ഭൂമികൾ പൂർണ്ണമായും വനം വകുപ്പിന്റെ സ്വാധീനതയിലായിട്ടുണ്ടോ ; ഇല്ലെങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;